പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730 29.10.2019 -ൽ മറുപടിയ്ക്ക്

## കേരള ടൂറിസം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ.വി. ജോയി<br>ശ്രീ.പി.വി. അൻവർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തുണ്ടായ പ്രളയവും പ്രകൃതി ക്ഷോഭവും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | പ്രളയം മൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായി കഴിഞ്ഞു. പ്രളയത്തിനു ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി<br>2. പുനലൂർ ബാത്തിംഗ് ഗാട്ട്-77,00,000/-<br>3. മൺട്രോ തുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം-9,94,446/-<br>4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക്-43,22,030/-<br>5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ-74,00,000/-<br>6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന്-46,00,000/- |

| | | | |
|---|---|---|---|
| | | | 7. പത്തനംതിട്ട ഗസ്റ്റ്ഹൗസിൽ അടിയന്തിര വൃത്തിയാക്കലും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും-4,00,000/-<br>8. പത്തനംതിട്ട ഗസ്റ്റ്ഹൗസിൽ ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിക്കുന്നതിന്-1,02,188/-<br>9. പത്തനംതിട്ട ഗസ്റ്റ്ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന്-92,50,000/- |
| ബി) | പ്രളയത്തിന് ശേഷം കേരളത്തിലെ ജലാശയങ്ങൾ സുരക്ഷിതമാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ സജ്ജമാണെന്നും ലോകത്തെ അറിയിക്കുന്നതിന് സ്വീകരിച്ച പ്രചരണ പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) | പ്രളയത്തിന് ശേഷം കേരളത്തിലെ ജലാശയങ്ങൾ ഉൾപ്പെടെ ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ സജ്ജമാണെന്നും ലോകത്തെ അറിയിക്കുന്നതിന് Post Flood Campaign ആയ "It's Time for Kerala" എന്ന പേരിൽ രാജ്യത്തിനകത്തും വിദേശത്തും വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ വകുപ്പുമന്ത്രിയും സെക്രട്ടറിയും ഡയറക്ടറും വിവിധ കേന്ദ്രങ്ങളിൽ വിപുലമായ പത്രസമ്മേളനങ്ങൾ നടത്തി സാഹചര്യങ്ങൾ മാധ്യമങ്ങളോട് വിശദീകരിക്കുകയുണ്ടായി. |
| സി) | രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന കേരള ടൂറിസം മാർട്ട് , കൊച്ചി മുസിരീസ് ബിനാലെയുടെ അടുത്ത പതിപ്പ് എന്നിവ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | കേരള ട്രാവൽ മാർട്ട്, കൊച്ചി മുസിരിസ് ബിനാലെ എന്നിവയുടെ ആരംഭ നടപടികൾ അതാത് സംഘാടകർ ആരംഭിച്ചിട്ടുണ്ട്. ടി മേളകൾക്ക് ധനസഹായം നൽകി വരികയാണ് ടൂറിസം വകുപ്പ് ചെയ്തു വരുന്നത്. |
| ഡി) | കേരള ടൂറിസത്തിന് ലോകടൂറിസം ഭൂപടത്തിൽ മികച്ച സ്ഥാനം നേടിക്കൊടുക്കുന്നതിന് ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഡി) | ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി |

| | | | |
|---|---|---|---|
| | | | • ആലപ്പുഴ ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം<br>• ഗ്രീൻ കാർപ്പറ്റ് പദ്ധതി<br>• കൊല്ലം ജില്ലയിലെ ജഡായു പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• തലശ്ശേരി പൈതൃക പദ്ധതിയ്ക്കായി മാസ്റ്റർപ്ലാൻ<br>• നിശാഗന്ധി മ്യൂസിക് ഫെസ്റ്റിവൽ<br>• കേരള ചാമ്പ്യൻസ് ബോട്ട് ലീഗ്<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി<br>• കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എത്രയും വേഗം നടപ്പിൽ വന്നത് മലബാർ മേഖലയുടെ ടൂറിസം വികസനത്തിന് സഹായകരമാണ്.<br>• Come out and play, Human by Nature, China Ready Programme, Kerala Blog Express തുടങ്ങിയ നൂതന പ്രചരണങ്ങൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ